# ലംഘനങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക

## സദൃശ്യവാക്യങ്ങൾ 28:13

"തന്റെ ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന് കരുണ ലഭിക്കും."

ദൈവം നൽകിയിരിക്കുന്ന ചില നിബന്ധനകളും, അതു പാലിക്കുന്നതുവഴിയുണ്ടാകുന്ന അനുഗ്രഹത്തെയുമാണ് പ്രസ്തുതവാക്യം പ്രതിപാദിക്കുന്നത്. നാമെല്ലാവരും ദൈവ കരുണ ആഗ്രഹിക്കുകയും, അത് പ്രാപിക്കുവാൻ എന്തു വില കൊടുക്കുവാനും തയ്യാറാകുന്നവരുമാണ്. എന്നാൽ യഥാർത്ഥ ദൈവകരുണ നമ്മിലേക്കൊഴുകാൻ ദൈവം ആഗ്രഹിക്കുന്നതെന്താണെന്ന് ഈ വാക്യം നമ്മെ ഓർപ്പിക്കുന്നു.

പാപം മറച്ചുവയ്ക്കുന്നതുവഴി, നാം ദൈവകരുണ നമ്മിലേക്കൊഴുക്കുന്ന വഴി സ്വയം തടയുന്നതിനു തുല്യമാണ്. ഒരുവനെ ദൈവത്തിൽ നിന്നകറ്റുന്നത് ആ വ്യക്തിയുടെ പാപമാണല്ലോ? ദൈവകല്പന ലംഘിക്കുകയും, ദൈവസ്നേഹം നിരസിക്കുകയും ചെയ്യുന്നത് വഴി, നാം പാപം ചെയ്യുന്നു. നാം വാക്കുകൾകൊണ്ടോ, പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ പഴിചാരിയോ ആ പാപത്തെ മറയ്ക്കുവാൻ ശ്രമിക്കുന്നു. എന്നാൽ സർവ്വ ചരാചരങ്ങളുടെയും ഉടയവനായ ദൈവം, നമ്മുടെ ഹൃദയത്തെയും നിനവുകളെയും അറിയുന്നു. മനുഷ്യന്റെ പാപപരിഹാരത്തിനായി, സ്വന്തപുത്രനെ ദൈവം യാഗമാക്കി നമ്മെ സ്നേഹിച്ചു. പാപം ചെയ്യുകയും അത് മറച്ചുവയ്ക്കുകകയും ചെയ്യുന്നതു വഴി ആ യാഗത്തെയും, സ്നേഹത്തെയും നാം തള്ളിപ്പറയുകയാണ്. അതുമൂലം ദൈവകരുണ നമ്മിലേക്ക് വരുന്നത് തടസ്സപ്പെടുന്നു. ലംഘനം മറച്ചുവച്ച ആദം, തന്റെ കുറ്റത്തെ ദൈവത്തിൽ ആരോപിക്കുകയാണ് ചെയ്തത്. നാം മറച്ചുവയ്ക്കുന്ന നമ്മുടെ പാപങ്ങൾ തന്നെ നമ്മുടെ അനുഗ്രഹത്തിന്റെ വേരിനെ ദ്രവിപ്പിച്ചു നശിപ്പിക്കുന്നു. ദൈവ ഭയമില്ലാത്തവർ തങ്ങളുടെ പാപങ്ങൾ മറച്ചുവെച്ച് നിത്യ ശിക്ഷയ്ക്കർഹരായിത്തീരുന്നു.

ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല എന്ന് വചനത്തിൽ നമ്മെ ഓർപ്പിക്കുമ്പോൾ തന്നെ, അവയെ ഏറ്റുപറയുമ്പോൾ നമ്മുടെ പാപങ്ങളെ മറന്നുകളയുന്ന ദൈവത്തിന്റെ കരുണയെയും, സ്നേഹത്തെയും നമുക്ക് കാണുവാൻ സാധിക്കുന്നു.

യെശയ്യാവ് 43:25 എന്റെ നിമിത്തം ഞാൻ, ഞാൻ തന്നേ, നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു; നിന്റെ പാപങ്ങളെ ഞാൻ ഓർക്കയുമില്ല.

യെശയ്യാവ് 44:22 ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു;

കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും, മേഘത്തെപ്പോലെ നിന്റെ പാപങ്ങളെയും മായിച്ചു കളയുന്നു എന്ന് ദൈവവചനം നമുക്ക് ഉറപ്പു തരുന്നു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല (സങ്കീർത്തനം 51:17). ദാവീദ് തന്റെ പാപത്തെ ഏറ്റുപറഞ്ഞ് ദൈവത്തിന്റെ കരുണ പ്രാപിച്ചു. 'ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ' എന്ന് പറയുവാനിടയായി. അതിനാൽ നമ്മുടെ പാപങ്ങളെ ഓരോന്നായി, അവ ചെറുതോ വലുതോ ആയിക്കൊള്ളട്ടെ, ദൈവസന്നിധിയിൽ ഏറ്റു പറയാം. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി താമസിക്കുന്ന നമ്മുടെ ജീവിതത്തിലെ വീഴ്ചകളെ, ലംഘനങ്ങളെ, ദൈവം ആഗ്രഹിക്കാത്ത സകലത്തെയും, ദൈവത്തോട് ഏറ്റു പറയാം (സങ്കീർത്തനം 66:18). പാപം മറച്ചുവയ്ക്കുമ്പോൾ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്നു. 1 യോഹന്നാൻ 1:6-7 ൽ പറയുന്നതുപോലെ ഇരുട്ടിൽ നടക്കാതെ നമ്മുടെ പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിക്കാം.

ആത്മാർത്ഥമായ അനുതാപവും, ഏറ്റുപറച്ചിലും, ദൈവത്തെ സന്തോഷിപ്പിക്കുന്നു. ദൈവകരുണ നമ്മിലേക്ക് ഒഴുകുവാൻ കാരണമാകുന്നു. പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കുന്ന കർത്താവിങ്കലേക്ക് നമുക്ക് നോക്കാം. പാപം എത്ര കടുംചുവപ്പായാലും അത് ഹിമംപോലെ വെളുപ്പിക്കുന്ന ദൈവം. എബ്രായർ 4:12-13 ൽ കാണുന്നതുപോലെ ദൈവവചനശക്തി നമ്മെ ശോധന ചെയ്തു വിശുദ്ധീകരണം പ്രാപിക്കാൻ ഇടയാകട്ടെ. അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നമുക്ക് ധൈര്യത്തോടെ കൃപാസനത്തിന് അടുത്തുചെല്ലാം. (എബ്രായർ 4:16)

പരാമർശം:

**യെശയ്യാവ് 55:7**

ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും.

**യെശയ്യാവ് 59:12**

ഞങ്ങളുടെ അതിക്രമങ്ങൾ നിന്റെ മുമ്പാകെ പെരുകിയിരിക്കുന്നു; ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്കു വിരോധമായി സാക്ഷീകരിക്കുന്നു; ഞങ്ങളുടെ അതിക്രമങ്ങൾ ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു; ഞങ്ങളുടെ അകൃത്യങ്ങളെ ഞങ്ങൾ അറിയുന്നു

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 030**